2024
MARCH
19
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## അഫ്ഗാനിൽ വ്യോമാക്രമണം നടത്തി പാക്കിസ്ഥാൻ സ്ത്രീകളെയും കുട്ടികളെയും കൊലപ്പെടുത്തി



**കാബൂൾ:** അഫ്ഗാനിസ്ഥാൻ അതിർത്തി കടന്ന് പാക്കിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തിൽ എട്ടുപേർ മരിച്ചതായി താലിബാൻ. സ്ത്രീകളും കുട്ടികളുമാണ് മരിച്ചത്. ഞായറാഴ്ച പുലർച്ചെ മൂന്നുമണിയോടെ പാക്കിസ്ഥാൻ വിമാനം പാക്ക് അതിർത്തിക്കു സമീപമുള്ള ഖോസ്ത്, പക്തിക പ്രവിശ്യകളിൽ ബോംബാക്രമണം നടത്തുകയായിരുന്നുവെന്നു താലിബാൻ ഭീകരൻ സബിഹുല്ലാ മുജാഹിദ് പറഞ്ഞു. ആക്രമണത്തെ അപലപിച്ച താലിബാൻ പാക്കിസ്ഥാന്റെ നടപടി അഫ്ഗാനിസ്ഥാന്റെ പരമാധികാരത്തിനു നേരെയുള്ള ആക്രമണമാണെന്നും ആരോപിച്ചു.വ്യോമാക്രമണം നടത്താൻ എന്താണു പാക്കിസ്ഥാനെ പ്രകോപിപ്പിച്ചതെന്നു വ്യക്തമല്ലെങ്കിലും അടുത്തിടെയായി പാക്കിസ്ഥാനിൽ നടന്ന ഭീകരാക്രമണങ്ങൾക്ക് പിന്നിൽ അഫ്ഗാനിൽനിന്നുള്ള ഭീകരരാണെന്നു പാക്കിസ്ഥാൻ ആരോപിച്ചിരുന്നു. ഇതു താലിബാൻ നിഷേധിക്കുകയും ചെയ്തു.

എന്നാൽ ശനിയാഴ്ച പാക്കിസ്ഥാനിൽ വീണ്ടും ഉണ്ടായ ആക്രമണത്തിൽ ഏഴു സൈനികർ കൊല്ലപ്പെട്ടിരുന്നു. ഇതിനെതിരെ ശക്തമായി പ്രതികരിക്കുമെന്ന് പ്രസിഡന്റ് ആസിഫ് അലി സർദാരി വ്യക്തമാക്കിയതിനു പിറകേയാണ് വ്യോമാക്രമണം ഉണ്ടായത്. പാക്ക് അതിർത്തിയിലോ വീടുകളിലോ രാജ്യത്തോ കടന്ന് ഭീകരവാദം നടത്തിയാൽ അത് ആരാണെന്നോ, ഏതു രാജ്യമാണെന്നോ നോക്കാതെ ശക്തമായി പോരാടുമെന്നാണു സൈനികരുടെ സംസ്കാരചടങ്ങിൽ പങ്കെടുക്കവേ സർദാരി പറഞ്ഞത്.

അഫ്ഗാൻ അതിർത്തി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പാക്കിസ്ഥാൻ താലിബാൻ ആണ് ആക്രമണങ്ങൾക്കു പിന്നിലെന്നാണു കരുതുന്നത്. എന്നാൽ തീവ്രവാദികൾക്ക് അഫ്ഗാൻ പ്രദേശം ഉപയോഗിക്കാനുള്ള അനുമതി നൽകിയിട്ടില്ലെന്ന് താലിബാൻ വ്യത്തങ്ങൾ അറിയിച്ചു. സ്വന്തം പ്രദേശങ്ങളെ നിയന്ത്രിക്കാനുള്ള കഴിവില്ലായ്മയുടെയും അവിടെയുള്ള പ്രശ്നങ്ങളുടെയും പേരിൽ അഫ്ഗാനിസ്ഥാനെ കുറ്റപ്പെടുത്തേണ്ടതില്ലെന്നും താലിബാൻ വക്താവ് മുജാഹിദ് പ്രസ്താവനയിൽ പറഞ്ഞു.

## അൽഷിഫ ആശുപത്രിയിൽ ഇസ്രയേൽ സേനയുടെ പരിശോധന; 20 ഭീകരർ കൊല്ലപ്പെട്ടു



**ടെൽ അവീവ്:** ഹമാസ് ഭീകരരെ ലക്ഷ്യമിട്ട് ഗാസ സിറ്റിയിലെ അൽ ഷിഫ ആശുപത്രിയിൽ ഇസ്രേലി സേന നടത്തിയ റെയ്ഡിൽ 20 ഭീകരർ കൊല്ലപ്പെട്ടു. നിരവധിപേരെ കസ്റ്റഡിയിലെടുത്തുവെന്നും സൈന്യം അറിയിച്ചു.

രോഗികളും കുടിയൊഴിപ്പിക്കപ്പെട്ട ആളുകളും തിങ്ങിപ്പാർക്കുന്ന ഈ ആശുപത്രിക്ക് ചുറ്റുമുള്ള പ്രദേശത്ത് സൈനികർ വ്യോമാക്രമണങ്ങൾ നടത്തി. 'ഓപ്പറേഷനിൽ 200ലധികം ഭീകരരെ ഞങ്ങൾ അറസ്റ്റ് ചെയ്തു, അവർ നിലവിൽ അന്വേഷണത്തിലാണ്.' ഇസ്രായേൽ സൈനിക വക്താവ് റിയർ അഡ്മിറൽ ഡാനിയൽ ഹഗാരി ഒരു ടെലിവിഷൻ പ്രസ്താവനയിൽ പറഞ്ഞു.

കൊല്ലപ്പെട്ട ഹമാസ് ഭീകരൻ ആഭ്യന്തര സുരക്ഷാ ഓർഗനൈസേഷനിലെ പ്രത്യേക പ്രവർത്തനങ്ങളുടെ തലവൻ ഫയ്ഖ് അൽമബൂഹും ഉൾപ്പെടുന്നു.

ആശുപത്രിക്ക് ചുറ്റുമുള്ള പ്രദേശത്തെ കെട്ടിടങ്ങളിൽ ഇസ്രയേൽ സൈന്യം വ്യോമാക്രമണം നടത്തുകയും കുട്ടികളും സ്ത്രീകളും പ്രായമായവരും ഉൾപ്പടെ നൂറുകണക്കിനാളുകൾ വീടുകളിൽ നിന്ന് പലായനം ചെയ്യുന്നത് കണ്ടുവെന്ന് ഒരു എഎഫ്പി പത്രപ്രവർത്തകൻ റിപ്പോർട്ട് ചെയ്തു.

അതേസമയം, വടക്കൻ ഗാസയിലെ അൽഷിഫ ഹോസ്പിറ്റലിലെ അവസ്ഥയെക്കുറിച്ച് ഞങ്ങൾ വളരെ ആശങ്കാകുലരാണെന്ന് ഡബ്ല്യൂഎച്ച്ഒ മേധാവി ടെഡ്രോസ് അദാനോം ഗെബ്രിയേസസ് എക്സിൽ കുറിച്ചു. ആശുപത്രികൾ ഒരിക്കലും യുദ്ധക്കളമാകരുതെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

## 2003ന് സമാനമായ സാമ്പത്തിക കുതിപ്പ്: മോർഗൻ സ്റ്റാൻലി

**ന്യൂഡൽഹി:** നിക്ഷേപ കുതിച്ചുചാട്ടത്തിൻറെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ നിലവിലെ സാമ്പത്തിക വളർച്ചാ നിരക്ക് 200307ലെ വളർച്ചാ ശരാശരിയായ 8 ശതമാനത്തേക്കാൾ കൂടുതലാണെന്ന് മോർഗൻ സ്റ്റാൻലി റിപ്പോർട്ട്. ജിഡിപിയിലേക്കുള്ള നിക്ഷേപം ഒരു ദശാബ്ദത്തിന് ശേഷം ക്രമാനുഗതമായി കുറയുന്നു. കാപെക്സ് ഇന്ത്യയിലെ ഒരു പ്രധാന വളർച്ചാ ചാലകമായി ഉയർന്നു. എന്തുകൊണ്ട് ഇത് 200307 പോലെ തോന്നുന്നു എന്ന് റിപ്പോർട്ടിൽ മോർഗൻ സ്റ്റാൻലി പറഞ്ഞു.

നിക്ഷേപജിഡിപി അനുപാതത്തിലെ ഉയർച്ചയാണ് നിലവിലെ വിപുലീകരണത്തിൻറെ സ്വഭാവം. അതുപോലെ, 200307 സൈക്കിളിൽ ജിഡിപിയിലേക്കുള്ള നിക്ഷേപം 2003ൽ (2003 മാർച്ച് അവസാനിക്കുന്ന സാമ്പത്തിക വർഷം) 27 ശതമാനത്തിൽ നിന്ന് 39 ആയി ഉയർന്നു. 2008ൽ, അത് ഏറ്റവും ഉയർന്ന നിലവാരത്തിനടുത്തായിരുന്നുവെന്നും റിപ്പോർട്ട് പറയുന്നു.

200307ൽ, കാപെക്സ് ഉയർച്ച ഉത്പാദനക്ഷമതയിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും വരുമാന വളർച്ചയും ത്വരിതഗതിയിലാക്കി. 200307 കാലഘട്ടത്തിൽ ജിഡിപി വളർച്ച ശരാശരി 8.6 ശതമാനവും സിപിഐ പണപ്പെരുപ്പം ശരാശരി 4.8 ശതമാനവുമായിരുന്നു. കറൻറ് അക്കൗണ്ട് ബാലൻസ് സെൻട്രൽ ബാങ്കിൻറെ കംഫർട്ട് സോണിൽ തന്നെ തുടരുന്നു. അത് നാലാം പാദ അടിസ്ഥാനത്തിൽ ജിഡിപിയുടെ 2.8 ശതമാനം മുതൽ 1.4 ശതമാനം വരെയാണ്. 2008 ജൂലൈയിൽ എണ്ണ വില ബാരലിന് 145 ഡോളറായി ഉയർന്നപ്പോഴും, കറൻറ് അക്കൗണ്ട് കമ്മി അടുത്ത പാദത്തിൽ ജിഡിപിയുടെ 2.4 ശതമാനമായി വർധിച്ചുവെന്ന് ഗവേഷണ റിപ്പോർട്ട് പറയുന്നു.



ഇന്ത്യയിലെ മൊത്ത സ്ഥിര മൂലധന രൂപീകരണത്തിൻറെ വളർച്ച 2002ൽ 8.2 ശതമാനത്തിൽ നിന്ന് 2004ൽ 17.5 ശതമാനമായി കുത്തനെ ഉയർന്നു, 200507ൽ വളർച്ചയുടെ വേഗത 16.2 ശതമാനത്തിൽ ഉറച്ചുനിന്നു. നിലവിലെ സൈക്കിളിൽ, യഥാർഥ ജിഎഫ്സിഎഫ് വളർച്ച ഒക്ടോബർഡിസംബർ മാസങ്ങളിൽ 10.5 ശതമാനമായി തുടർന്നു, കൊവിഡിന് മുമ്പുള്ള 201718 ശരാശരിയായ 9.6 ശതമാനത്തിന് മുകളിലാണിത്.

മറുവശത്ത്, സ്വകാര്യ ഉപഭോഗം ഇപ്പോഴും താരതമ്യേന ദുർബലമാണ്, ഡിസംബർ പാദത്തിൽ ഇത് വെറും 3.5 ശതമാനമാണ്, 201718ന് മുമ്പുള്ള ശരാശരി 6.5 ശതമാനത്തിന് താഴെയാണ്. ജിഡിപി അനുപാതത്തിലേക്കുള്ള നിക്ഷേപം വർധിക്കുന്നത് മൂലധനത്തിൻറെ ആഴം കൂട്ടുകയും ഉത്പാദനക്ഷമത വർധിപ്പിക്കുകയും ചെയ്യുന്നതിനാൽ കാപെക്സിൻറെ നേതൃത്വത്തിലുള്ള വളർച്ചാ ചക്രം വിപുലീകരിക്കാൻ കഴിയും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ഒരു സമ്പദ്‌വ്യവസ്ഥയിൽ ഉയർന്ന വരുമാനത്തിനും സമ്പാദ്യത്തിനും ഇടയാക്കുകയും കറൻറ് അക്കൗണ്ട് ഉറപ്പാക്കുകയും ചെയ്യും. ജിഡിപിയിലേക്കുള്ള നിക്ഷേപം ഉയരുമ്പോഴും ബാലൻസ് കൈകാര്യം ചെയ്യാവുന്ന ശ്രേണിയിൽ തുടരുമെന്നും റിപ്പോർട്ട് കൂട്ടിച്ചേർത്തു.



# ആമസോണിൽ ഹോളി ഷോപ്പിംഗ് സ്റ്റോർ

**കൊച്ചി:** ഹോളിയോടനുബന്ധിച്ച് ആമസോണിൽ ഹോളി ഷോപ്പിംഗ് സ്റ്റോർ ആരംഭിച്ചു. മാർച്ച് 25വരെ സ്റ്റോർ ലൈവ് ആയിരിക്കും. ഹോളിക്കാവശ്യമായ ഉത്പന്നങ്ങൾക്കു പുറമെ ഫാഷൻ, ബ്യൂട്ടി, ഗ്രോസറി, ഹോം ആന്റ് കിച്ചൻ, വാട്ടർപ്രൂഫ് സ്മാർട്ട് ഫോണുകൾ, ഗാഡ്ജെറ്റുകൾ എന്നിങ്ങനെയുള്ള വിവിധ ഉൽപ്പന്നങ്ങൾ സ്റ്റോറിൽ ലഭ്യമാണ്.നാച്യുറൽ ഹോളി കളർ ഹെർബൽ ഗുലാൽ പായ്ക്ക്, ഔട്ട്ഡോർ, ടെറസ് ഗാർഡൻ ടെന്റ്, വയർലെസ് ബ്ലൂടൂത്ത് പാർട്ടി സ്പീക്കറുകൾ, റോബോട്ടിക് വാക്വം ക്ലീനർ തുടങ്ങിയ ഉത്പന്നങ്ങൾ വിലക്കുറവിൽ ലഭ്യമാണ്. വൺ പ്ലസ് 12 ആർ, റെഡ്മി 13സി തുടങ്ങിയ സ്മാർട്ട്ഫോണുകൾക്കും മികച്ച ബ്രാൻഡഡ് വസ്ത്രങ്ങൾക്കും ഓഫർ ഉണ്ട്. മെയ്ബെലീൻ ന്യൂയോർക്ക് മസ്കാര, ലാനെഷ് വാട്ടറി സൺ ക്രീം തുടങ്ങിയ ബ്യൂട്ടി ഉത്പന്നങ്ങളും ആമസോൺ ഹോളി ഷോപ്പിൽ ലഭ്യമാണ്.

## തൃശ്ശൂർ നഗരത്തിൽ പുതിയ ശാഖ തുറന്ന് ഐസിഐസിഐ ബാങ്ക്

**തൃശ്ശൂർ:** ഐസിഐസിഐ ബാങ്ക് തൃശ്ശൂർ നഗരത്തിൽ പുതിയ ശാഖ ആരംഭിച്ചു.സംഗീത സംവിധായകൻ ഔസേപ്പച്ചൻ ശാഖയുടെ ഉദ്ഘാടനം നിർവഹിച്ചു. നഗരത്തിലെ 9ാമത് ശാഖയാണിത്. ബാങ്കിന് ജില്ലയിലാകെ 20 ശാഖകളുണ്ട്. ഓഎംകെഐ ടവറിലെ ഗ്രൗണ്ട് ഫ്ളോറിലാണ് പുതിയ ശാഖ. 24 മണിക്കൂറും പ്രവർത്തിക്കുന്ന എടിഎംക്യാഷ് റീസൈക്ലർ മെഷീനും (സിആർഎം) ശാഖയോട് അനുബന്ധിച്ചുണ്ട്. 210 ശാഖകളുടേയും 395 എടിഎമ്മുകളുടേയും വിപുലമായ ശൃംഖലയാണ് ബാങ്കിനു കേരളത്തിലുള്ളത്.

## ഇസുസു ഐകെയർ പ്രീസമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നു

**കൊച്ചി :** ഇസുസു മോട്ടോഴ്സ് ഇന്ത്യ ഇസുസു ഡിമാക്സ് പിക്ക്അപ്പുകൾക്കും എസ് യു വികൾക്കുമായി പ്രീസമ്മർ ക്യാമ്പ് നടത്തുന്നു. മാർച്ച് 19 മുതൽ 24 വരെ എല്ലാ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിലും ഉപഭോക്താക്കൾക്ക് സർവീസ് ആനുകൂല്യങ്ങൾ

ലഭ്യമാണ്. സൗജന്യ 37 പോയിന്റ് സമഗ്ര പരിശോധന, പണിക്കൂലിയിൽ 10 ശതമാനം കിഴിവ്, പാർട്സുകൾക്ക് 7 ശതമാനം കിഴിവ്, ലൂബ്സുകൾക്കും ഫ്ളൂയിഡുകൾക്കും 7 ശതമാനം കിഴിവ്, റീട്ടെയിൽ ആർഎസ്എ പർച്ചേസിന് 20 ശതമാനം കിഴിവ്, സൗജന്യ ടോപ്പ് വാഷ്, സൗജന്യ 'റീജൻ' എന്നിവയാണ് ഇസുസു പ്രീസമ്മർ ക്യാമ്പിൽ ലഭ്യമാവുക.




## പുതിയ പിസ്സ ഹട്ട് മെൽറ്റ്സ് ഇന്ത്യയിലുമെത്തുന്നു

**കൊച്ചി:** പിസാ ബ്രാൻഡായ പിസ ഹട്ട്, അതിന്റെ ആഗോള ബെസ്റ്റ് സെല്ലറായ മെൽറ്റ്സ് ഇന്ത്യയിലും പുറത്തിറക്കി.പുതിയ മെൽറ്റ്സ് ക്രിസ്പിയും ചീസ് അടങ്ങിയതുമാണ്, പുറം ഭാഗം നേർത്തതും എന്നാൽ ക്രിസ്പിയുമാണ്.

രുചികരമായ ഫില്ലിംഗുകൾ, 100% ഉരുകിയ മൊസറെല്ല ചീസ്, സ്വാദുള്ള സോസ് തുടങ്ങിയവയും ബട്ടറി ഗ്ലേസും ചില മസാലപൊടികളും വിതറിയ ശേഷം മടക്കി ചുട്ടെടുക്കുന്നതോടെയാണ് ഇത് രുചികരമാവുന്നത്. വിലയായ 169 രൂപ മുതലാണ് മെൽറ്റ്സ് വിഭവങ്ങളുടെ വില തുടങ്ങുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# കടൽജൈവവൈവിധ്യം അടുത്തറിയാം; സമുദ്രമത്സ്യ ഗവേഷണത്തിൽ പങ്കാളികളാകാം

**കൊച്ചി:** സമുദ്രമത്സ്യ ഗവേഷണത്തിൽ പൊതുജനങ്ങളെ സഹകരിപ്പിക്കാൻ മൊബൈൽ ആപ്പുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

ഇന്ത്യൻ തീരങ്ങളിൽ കാണപ്പെടുന്ന കടൽമത്സ്യയിനങ്ങളുടെ സമ്പൂർണ സചിത്രഡേറ്റബേസ് പൊതുജനപങ്കാളിത്തത്തിൽ വികസിപ്പിക്കുന്നതിനാണ് 'മാർലിൻ@സിഎംഎഫ്ആർഐ' എന്ന പേരിലുള്ള ആപ്പ് പുറത്തിറക്കിയിരിക്കുന്നത്.ഇന്ത്യയുടെ വിവിധ തീരങ്ങളിൽ പിടിക്കപ്പെടുന്ന മീനുകളുടെ ചിത്രങ്ങളും മറ്റ് വിവരങ്ങളും ആപ്പിൽ അപ്ലോഡ് ചെയ്യാം. ഈ വിവരങ്ങൾ ഇന്ത്യൻ സമുദ്രാതിർത്തിയിലെ മത്സ്യയിനങ്ങളെ കൃത്യമായി തിരിച്ചറിയാനും മറ്റ് ശാസ്ത്രീയവിവര ശേഖരണത്തിനും സിഎംഎഫ്ആർഐയെ സഹായിക്കും. കടൽ മത്സ്യസമ്പത്തിന്റെ സചിത്രഡേറ്റാബേസ് തയ്യാറാക്കാനും വഴിയൊരുക്കും.ാവിയിൽ എഐ സഹായത്തോടെ, മൊബൈലിൽ മീനിന്റെ ദൃശ്യം അപ്ലോഡ് ചെയ്യുമ്പോൾ തന്നെ അതിന്റെ സമ്പൂർണവിവരങ്ങൾ ലഭ്യമാകുന്ന സംവിധാനം വികസിപ്പിക്കുകയാണ് ആപ്പ് വഴിയുള്ള സചിത്രവിവര ശേഖരണത്തിന്റെ ലക്ഷ്യം. ജിയോടാഗിംഗ് ഉള്ളതിനാൽ വിവരം കൈമാറുന്ന മത്സ്യയിനങ്ങളുടെ കൃത്യമായ സ്ഥലം രേഖപ്പെടുത്താനാകും. ഇത് മത്സ്യലഭ്യതയുമായി ബന്ധപ്പെട്ട പഠനങ്ങൾ കുറ്റമറ്റതാക്കാൻ സഹായിക്കും.



സമുദ്രസമ്പത്തിന്റെ സംരക്ഷണത്തിൽ താൽപര്യമുള്ളവരെ കോർത്തിണക്കുന്ന പരസ്പരസഹകരണ സംരംഭമാണിതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് പൊതുജനങ്ങളെ കൂടി സമുദ്രഗവേഷണത്തിന്റെ ഭാഗമാക്കുന്നതാണ് പദ്ധതി. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും സമുദ്രജൈവവൈവിധ്യത്തെ കൂടുതൽ അടുത്തറിയാനും പൊതുജനങ്ങൾക്ക് ഈ മൊബൈൽ ആപ്പ് ഉപകാരപ്പെടും. സിഎംഎഫ്ആർഐയുടെ ഫിഷറി റിസോഴ്സ് അസസ്മെന്റ്, ഇക്കണോമിക്സ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗത്തിലെ ഡോ എൽദോ വർഗീസിന്റെ നേതൃത്വത്തിലുള്ള പ്രോജക്ടിന് കീഴിലാണ് ആപ്പ് വികസിപ്പിച്ചത്. ലാൻഡിംഗ് സെന്ററുകളിൽ നിന്ന് പകർത്തിയ മീനുകളുടെ ദൃശ്യങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ഡേറ്റബേസ്, കടൽമീനുകളുടെ ഓരോ ഹാർബറുകളിലെയും ലഭ്യത ഓട്ടോമാറ്റിക് സംവിധാനത്തിലൂടെ മനസ്സിലാക്കാൻ ഭാവിയിൽ സഹായകരമാകുമെന്ന് ഡോ എൽദോ വർഗീസ് പറഞ്ഞു.

നിർമിതബുദ്ധി അൽഗോരിതം ഉപയോഗിച്ചാണ് ഈ സംവിധാനം വികസിപ്പിക്കുക.




# പ്രതിദിനം 365 സർവീസ്; സമ്മർ ഷെഡ്യൂളുമായി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** വേനൽ കാലത്ത് ഉണ്ടായേക്കാവുന്ന യാത്രക്കാരുടെ എണ്ണത്തിലെ വർധനവ് പരിഗണിച്ച് എയർ ഇന്ത്യ എക്സ്പ്രസ് ആഭ്യന്തര, അന്താരാഷ്ട്ര സർവീസുകളുടെ എണ്ണം ഗണ്യമായി വർധിപ്പിക്കുന്നതായി അറിയിച്ചു. 2024 ലെ സമ്മർ ഷെഡ്യൂളിൻറ ഭാഗമായി വിവിധ ബിസിനസ്‌വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് പ്രതിദിനം 365ലധികം സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസ് ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ 259 ആഭ്യന്തര സർവ്വീസുകളും 109 അന്താരാഷ്ട്ര സർവ്വീസുകളുമുണ്ട്.കഴിഞ്ഞ വർഷത്തെ വേനൽക്കാല ഷെഡ്യൂളിനെ അപേക്ഷിച്ച് പ്രതിദിനം 55 ആഭ്യന്തര സർവീസുകളും 19 അന്താരാഷ്ട്ര സർവീസുകളും ഈ വർഷം കൂടുതലുണ്ട്. ആഭ്യന്തര സർവ്വീസിൽ 25 ശതമാനത്തിൻറെയും അന്താരാഷ്ട്ര സർവ്വീസിൽ 20 ശതമാനത്തിൻറെയും വർധനവ്.

അബുദാബി, ദമ്മാം, ജിദ്ദ, ഷാർജ തുടങ്ങിയ അന്താരാഷ്ട്ര ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള സർവീസുകളുടെ എണ്ണം വർദ്ധിപ്പിക്കും. തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, മംഗലാപുരം, ബെംഗളൂരു, ഹൈദരാബാദ്, കൊൽക്കത്ത, അയോധ്യ, വാരണാസി എന്നിവിടങ്ങളിൽ നിന്നുള്ള ആഭ്യന്തര, അന്തർദേശീയ സർവ്വീസുകളുടെ എണ്ണം കൂടി വർധിപ്പിച്ചുകൊണ്ട് വേനൽകാല തിരക്ക് നേരിടാനാണ് എയർലൈൻ ലക്ഷ്യമിടുന്നത്.

യാത്രക്കാർക്ക് നിരക്ക് തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം നൽകിക്കൊണ്ട് നാല് തരം ഫെയറുകൾ എയർ ഇന്ത്യ എക്സ്പ്രസ് ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. ചെക്ക് ഇൻ ബാഗേജില്ലാത്ത യാത്രയ്ക്കുള്ള നിരക്കായ എക്സ്പ്രസ് ലൈറ്റ്, 15 കിലോ ചെക്ക് ഇൻ ബാഗേജോടു കൂടിയ യാത്രയ്ക്കുള്ള നിരക്കായ എക്സ്പ്രസ് വാല്യൂ, ചെയിഞ്ച് ഫീ ഇല്ലാതെ എത്ര തവണ വേണമെങ്കിലും യാത്രാ തീയതി മാറ്റാൻ കഴിയുന്ന എക്സ്പ്രസ് ഫ്ലെക്സ്, ബിസിനസ് ക്ലാസ് സേവനങ്ങൾ ലഭ്യമാക്കുന്ന എക്സ്പ്രസ് ബിസ് എന്നിവയാണ് 4 നിരക്കുകൾ.

ഹോളി ആഘോഷങ്ങൾ മുൻനിർത്തി എയർ ഇന്ത്യ എക്സ്പ്രസിൻറെ ഗൊർമേർ ഇൻഫ്ളൈറ്റ് ഡൈനിംഗ് മെനുവിലേക്ക് പരമ്പരാഗത ഇന്ത്യൻ മധുരപലഹാരമായ ഭഗുജിയഭയും കൂട്ടിച്ചേർത്തിട്ടുണ്ട്.

കഴിഞ്ഞ മാസം ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻറെ കണക്കുകൾ പ്രകാരം രാജ്യത്ത് ഏറ്റവും കൃത്യസമയത്ത് സർവ്വീസ് നടത്തുന്ന എയർലൈൻ എന്ന സ്ഥാനവും എയർ ഇന്ത്യ എക്സ്പ്രസിനാണ്.




# കടകളിൽ ബില്ലടയ്ക്കാൻ ക്യൂ നിൽക്കേണ്ട; സൗജന്യ സോഫ്റ്റ്‌വെയറുമായി കെഎസ് യുഎം സ്റ്റാർട്ടപ്പ്

**കൊച്ചി:** തിരക്കുള്ള സൂപ്പർ മാർക്കറ്റുകളിലും തുണിക്കടകളിലും ഷോപ്പിംഗിനു പോകുന്നതിനേക്കാൾ ബുദ്ധിമുട്ടാണ് അവിടെ നിന്നും ബില്ലടച്ച് ഇറങ്ങി വരികയെന്നത്. ഈ പ്രതിസന്ധിയ്ക്ക് ശാശ്വത പരിഹാരം കാണുകയാണ് കേരള സ്റ്റാർട്ടപ്പ് മിഷനിലെ ഒറാവ്കോ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി.

സൂപ്പർ മാർക്കറ്റുകളിൽ ബില്ലടയ്ക്കാൻ അവസാനമില്ലാത്ത ക്യൂവിൽ നിന്ന് മനസ് മടുത്താണ് ഗുരുവായൂർ സ്വദേശി അനസ് സൈദ്മുഹമ്മദ് ഇത്തരമൊരു സോഫ്റ്റ്‌വെയറിനെക്കുറിച്ച് ചിന്തിക്കുന്നത്. തുടർന്ന് സുഹൃത്തായ ഒറ്റപ്പാലം സ്വദേശി രാജീവ് രാധാകൃഷ്ണനുമായി ചേർന്നാണ് ഒറാവ്കോ സെൽഫ് ചെക്കൗട്ട് എന്ന സോഫ്റ്റ്‌വെയർ നിർമ്മിച്ചത്.ഏതൊരു കടയുടമയ്ക്കും www.oravcoself-checkout.com എന്ന വെബ്സൈറ്റിലൂടെ സൗജന്യമായി സ്വന്തം കട രജിസ്റ്റർ ചെയ്ത് ആവശ്യമായ വിവരങ്ങൾ നൽകാം. അതു വഴി ലഭിക്കുന്ന ക്യൂ ആർ കോഡ് പ്രിൻറ് ചെയ്ത് കടയിൽ സ്ഥാപിക്കുക. ഉപഭോക്താക്കൾ സ്മാർട്ട്ഫോണിലുള്ള സ്കാനർ ഉപയോഗിച്ച് ക്യൂആർ കോഡ് സ്കാൻ ചെയ്യുന്നതിലൂടെ ഓരോ ഉത്പന്നവും സ്വന്തം കാർട്ടിലേക്ക് ചേർക്കാം. ഷോപ്പിംഗ് അവസാനിച്ചാൽ യുപിഐ, കാർഡ്, നെറ്റ് ബാങ്കിംഗ് തുടങ്ങിയ സംവിധാനങ്ങളിലൂടെ ഓൺലൈനായി പണം അടച്ച് ക്യൂ നിൽക്കാതെ പുറത്തേക്കു പോകാമെന്നതാണ് ഇതിൻറെ മെച്ചം. ഈ സേവനം നേടുന്നതിന് ഉപഭോക്താവ് പ്രത്യേകം ആപ്പുകളൊന്നും ഇൻസ്റ്റാൾ ചെയ്യേണ്ട എന്നതും മേന്മയാണ്.

ഇനി ഏതെങ്കിലും സാധനം സ്കാൻ ചെയ്യാൻ മറന്നു പോവുകയോ അല്ലെങ്കിൽ മന:പൂർവ്വം പണമടക്കാതിരിക്കുകയോ ചെയ്താലും വഴിയുണ്ടെന്ന് അനസ് സൈദ്മുഹമ്മദ് പറഞ്ഞു. പുറത്ത് നിൽക്കുന്ന സെക്യൂരിറ്റിയുടെ വക മറ്റൊരു സ്കാനിംഗ് ഉണ്ട്. അത് ഉപഭോക്താവിൻറെ പക്കലുള്ള ബാസ്കറ്റോ ട്രോളിയോ ഒന്നടങ്കം സ്കാൻ ചെയ്യും. അതിൽ പണമടച്ച ഉത്പന്നങ്ങളെല്ലാം അപ്രത്യക്ഷമാവുകയും പണമടയ്ക്കാത്തത് മാത്രം തെളിഞ്ഞു വരികയും ചെയ്യും. ദി വാനിഷിംഗ് മോഡൽ എന്നാണ് ഈ സംവിധാനത്തിൻറെ പേര്.കളമശേരിയിലെ ടെക്നോളജി ഇനോവേഷൻ സോണിൽ നടന്ന പരിപാടിയിൽ കെഎസ് യുഎം അഡ്മിനിസ്ട്രേഷൻ ഓഫീസർ മുഹമ്മദ് സഗീർ ഉത്പന്നം പുറത്തിറക്കി. കെഎസ് യുഎം പ്രൊജക്ട് ഓഫീസർ വിഗ്നേഷ് രാധാകൃഷ്ണൻ സംസാരിച്ചു.പുതിയൊരു ഷോപ്പിംഗ് അനുഭവം കൂടിയാണ് ഒറാവ്കോ സെൽഫ് ചെക്ക് ഔട്ട് നൽകുന്നതെന്ന് അനസ് പറഞ്ഞു. ഇന്ത്യയിലെ പ്രകാശനത്തിനു ശേഷം ഉടൻ തന്നെ ഗൾഫ് രാജ്യങ്ങളിലും ഒറാവ്കോ സെൽഫ് ചെക്കൗട്ട് പ്രവർത്തനം ആരംഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

**നായരമ്പലം :** ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ബ്ലഡ് ബാങ്കിന്റെ സഹകരണത്തോടെ എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ സന്നദ്ധ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. നായരമ്പലം സാൻജോപുരം ദേവാലയത്തിൽ നടത്തിയ ക്യാമ്പ് പഞ്ചായത്ത് പ്രസിഡന്റ് നീതു വിനോദ് ഉദ്ഘാടനം ചെയ്തു. സാൻജോപുരം ഇടവക വികാരി ഫാ. ജെയിംസ് പനവേലിൽ ചടങ്ങിന് അധ്യക്ഷത വഹിക്കുകയും, രക്തദാന ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്തു. ഐ.എ ം.എ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ ഡോ. പി.കെ. സലിം, ബിഞ്ചു,ജിഫ, ശ്യാമളൻ എന്നിവർ ക്യാമ്പിൽ പങ്കെടുത്തവർക്ക് നിർദേശങ്ങൾ നൽകി രക്തം സ്വീകരിച്ചു. രക്തദാതാക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണത്തിന്റെ ഉദ്ഘാടനം സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ നിർവഹിച്ചു. കൈക്കാരൻ ഷാജു കാച്ചപ്പിള്ളി, സഹൃദയ കോർഡിനേറ്റർ മഞ്ജു രാജു, ആനിമേറ്റർ സെലീന ജോസ് എന്നിവർ നേതൃത്വം നൽകി.

# കുസാറ്റിൽ പ്രോജക്ട് ഫെല്ലോ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അറ്റ്മോസ്ഫിയറിക് സയൻസ് ഡിപ്പാർട്ട്മെന്റിൽ സയൻസ് ആൻഡ് എൻജിനീയറിങ്ങ് റിസർച്ച് ബോർഡ് (സെർബ്) ന്റെ ധനസഹായത്തോടെ നടത്തുന്ന പ്രോജക്ടിലേക്ക് ജൂനിയർ റിസർച്ച് ഫെല്ലോ (ജെ.ആർ.എഫ്) താത്കാലിക ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. മീറ്റിയറോളജി/ അറ്റമോസ്ഫിയറിക് സയൻസിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം.മാറ്റ്ലാബ്/ പൈത്തൺ ഉപയോഗിച്ചുള്ള അന്തരീക്ഷസ്ഥിതി വീക്ഷണവും സ്റ്റേബിൾ ഐസോട്ടോപ്പ് ഹൈഡ്രോളജിയിൽ പ്രവൃത്തി പരിചയവും അഭികാമ്യം.താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളും midhun@cusat.ac.in എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകൾ അയക്കേണ്ട അവസാന തീയതി മാർച്ച് 25, 2024. തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകർക്ക് അഭിമുഖം നടത്തുന്നതാണ്. വിശദ വിവരങ്ങൾക്ക് ഡോ.മിഥുൻ എം, അസിസ്റ്റൻഡ് പ്രൊഫസർ, പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ, ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റ്മോസ്ഫിയറിക് സയൻസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, ലേക്ക് സൈഡ് കാമ്പസ്,കൊച്ചി682016.ഫോൺ: 9662735653.

# സൗരോർജ ഉൽപ്പാദനം; പദ്ധതി തയ്യാറാക്കി ആസ്റ്റർ മിംസ്

**കോഴിക്കോട്:** കേരളത്തിലാദ്യമായി ആശുപത്രി പ്രവർത്തനത്തിന ആവശ്യമായ ഊർജത്തിന്റെ ഭൂരിഭാഗവും സൗരോർജത്തിൽ നിന്ന് സ്വയം നിർമിക്കുന്ന പദ്ധതി തയാറാക്കി കോഴിക്കോട്ടെ ആസ്റ്റർ മിംസ്. ഇതിനായി കാസർഗോഡ് ജില്ലയിൽ സംസ്ഥാന സർക്കാർ അനുവദിച്ച ഭൂമിയിൽ പത്ത് മെഗാവാട്ട് ശേഷിയുള്ള കൂറ്റൻ സോളാർ പ്ലാന്റ് സ്ഥാപിച്ചു. 6.5 മെഗാവാട്ട് ശേഷി കോഴിക്കോട് ആസ്റ്റർ മിംസിന്റെ മുഴുവൻ സമയ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാം. ബാക്കി കണ്ണൂരിലെ ആസ്റ്റർ മിംസ് പ്രയോജനപ്പെടുത്തും. ഏപ്രിൽ ഒന്ന് മുതൽ അതിവിശാലമായ ഈ സോളാർ പ്ലാന്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിച്ചുതുടങ്ങും. ഇതാദ്യമായാണ് സംസ്ഥാനത്ത് ഒരാശുപത്രി ശൃംഖല ഇത്രയും വലിയ തോതിൽ സൗരോർജം ഉത്പാദിപ്പിക്കാൻ മുന്നിട്ടിറങ്ങുന്നത്. പരിസ്ഥിതിസംരക്ഷണത്തിനും കാലാവസ്ഥാവ്യതിയാനം ചെറുക്കുന്നതിനും ആതുരസേവനരംഗത്തെ മാതൃകാ സ്ഥാപനമെന്ന നിലയിൽ ചെയ്യാനാവുന്നതെല്ലാം ചെയ്യണമെന്ന് ആസ്റ്ററിന്റെ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് 'ആസ്റ്റർ ഗ്രീൻ ചോയിസസ്' എന്ന പദ്ധതിക്ക് ദ്രുതഗതിയിൽ തുടക്കമിട്ടിരിക്കുന്നത്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ഇത്രയേറെ വൈദ്യുതി സ്വന്തമായി ഉല്പാദിപ്പിക്കുന്ന ഇന്ത്യയിലെ തന്നെ അപൂർവം ആശുപത്രി ശൃംഖലകളിൽ ഒന്നായി ആസ്റ്റർ മാറും.



സൗരോർജോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനസർക്കാരും എല്ലാ പിന്തുണയും നൽകുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ ആവശ്യമായ സ്ഥലം അനുവദിച്ചിട്ടുണ്ട്.യുസോളാർ അസറ്റ്കോ ടു പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്നാണ് ആസ്റ്ററിന്റെ പരിസ്ഥിതിസൗഹൃദ ചുവടുവെപ്പ്. രാജ്യത്തുടനീളം വാണിജ്യാടിസ്ഥാനത്തിൽ സോളാർ പ്ലാന്റുകൾ നിർമിക്കുകയും സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന പ്രമുഖസ്ഥാപനമാണ് യുസോളാർ. യുസോളാർ അസറ്റ്കോ ടു പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടർ കെ.ആർ. ഹരിനാരായണനും ആസ്റ്റർ മിംസ് സി.ഒ.ഒ ലുക്മാൻ പൊൻമാടത്തും ചേർന്നാണ് കരാർ ഒപ്പിട്ടത്. പരിസ്ഥിതി സൗഹൃദ വഴിയിലുള്ള ആസ്റ്റർ ഗ്രൂപ്പിന്റെ അനേകം ചുവടുവെയ്പുകളിൽ ഒന്ന് മാത്രമാണിതെന്നും ഭാവിയിൽ സമാനമായ കൂടുതൽ പദ്ധതികൾ ഉണ്ടാകുമെന്നും ലുക്മാൻ പൊൻമാടത്ത് പറഞ്ഞു. ലിജു. എം, ഹെഡ് പ്രൊജക്റ്റ് ആസ്റ്റർ ഇന്ത്യ എഞ്ചിനീയറിംഗ് & പ്രൊജക്റ്റ്സ് ഡിപ്പാർട്മെന്റിന്റെ നേതൃത്തിലാണ് ഈ പദ്ധതി പ്രവർത്തനങ്ങൾക്ക് മുൻ കൈ എടുത്തതും സമയബന്ധിതമായി നടപ്പിലാക്കുന്നതും.പ്രകൃതിസ്രോതസുകളെ പരമാവധി സൂക്ഷ്മതയോടെ ഉപയോഗിക്കാനാണ് ആസ്റ്റർ ഗ്രീൻ ചോയിസസ് എന്ന് പേരിട്ടിരിക്കുന്ന ഹരിതപദ്ധതിയുടെ ലക്ഷ്യം. ഇതിനായി ആശുപത്രികളിൽ ഉപയോഗിക്കുന്ന വൈദ്യുതിയും വെള്ളവും സുസ്ഥിരസ്രോതസുകളിൽ നിന്നാണെന്ന് ഉറപ്പാക്കും. ഓഫിസ് ആവശ്യങ്ങൾക്ക് കടലാസ്സിന്റെ ഉപയോഗം പരമാവധി കുറയ്ക്കും. പുനരുപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ആശുപത്രികൾക്കുള്ളിൽ പൂർണമായും ഒഴിവാക്കും. മാലിന്യനിർമാർജനം കുറ്റമറ്റതും കൂടുതൽ പ്രകൃതിസൗഹൃദപരവുമാകും. വരുംദിവസങ്ങളിൽ ആസ്റ്റർ ശൃംഖലയിലെ മുഴുവൻ ആശുപത്രികളിലും കാലോചിതമായ നിരവധി മാറ്റങ്ങൾ വിഭാവനം ചെയ്യുന്ന പദ്ധതികളാണ് തുടങ്ങിയിരിക്കുന്നതെന്നും ഫർഹാൻ യാസിൻ പറഞ്ഞു.

# തിരുവനന്തപുരത്ത് ജിസിസി മീറ്റ് സംഘടിപ്പിച്ച് കെപിഎംജി

**തിരുവനന്തപുരം:** കെപിഎംജി തിരുവനന്തപുരത്ത് ഗ്ലോബൽ കേപ്പബിലിറ്റി സെന്റേഴ്‌സ് (ജിസിസി) മീറ്റ് സംഘടിപ്പിച്ചു. വ്യാപാര രംഗത്തെ പ്രമുഖവ്യക്തികൾ പങ്കെടുത്ത മീറ്റിൽ മാനുഷികവിഭവശേഷി ആർജിക്കുന്നതിലും തന്ത്രപ്രധാന മേഖലകൾ കണ്ടെത്തുന്നതിലും പുതുമകൾ സ്വീകരിക്കുന്നതിലും വിശദമായ ചർച്ചകൾ നടന്നു. സംസ്ഥാന ഐടി സെക്രട്ടറി രത്തൻ യു കേൾക്കർ ഐഎഎസ് മുഖ്യപ്രഭാഷണം നടത്തി. വ്യാപാരരംഗത്തെ പ്രമുഖർക്ക് പരസ്പരം അറിവുകൾ പങ്കുവയ്ക്കുന്നതിനുള്ള വേദിയായിരുന്നു യോഗം. പ്രധാനമായും രണ്ട് പാനൽ ചർച്ചകളാണ് നടന്നത്. ഒപ്പം പുത്തൻ ആശയങ്ങൾക്ക് ഉരുത്തിരിഞ്ഞ തുറന്ന ചർച്ചകളും സംഘടിപ്പിച്ചിരുന്നു. ഇൻവെസ്റ്റ്മെന്റ് ബാങ്കിങ്, ക്ലൗഡ് സൊല്യൂഷൻ സേവനദാതാക്കൾ, ചില്ലറവിപണി തുടങ്ങിയ നിരവധി മേഖലകളിൽ നിന്നുള്ളവർ പങ്കെടുത്തു. ജിസിസികൾക്കിടയിൽ പുതുമകൾക്ക് പ്രാധാന്യം നൽകുന്ന ഒരു പ്രവർത്തനാന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിലാണ് യോഗം പ്രധാനമായും ശ്രദ്ധ പതിപ്പിച്ചത്.പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡാറ്റ അനലിറ്റിക്‌സും പോലെയുള്ള നൂതനസാങ്കേതികവിദ്യകൾ ജിസിസികൾ ഭംഗിയായി പ്രയോജനപ്പെടുത്തി വരികയാണെന്ന് കെപിഎംജിയുടെ ജിസിസി ഇന്ത്യ ലീഡർ ശാലിനി പിള്ളൈ പറഞ്ഞു. മറ്റ് മെട്രോ നഗരങ്ങളെ അപേക്ഷിച്ച് തിരുവനന്തപുരത്തിന്റെ സാദ്ധ്യതകൾ ശോഭനമാണെന്ന് കെപിഎംജി കൊച്ചിയിലെ മാനേജിങ് പാർട്ണർ വിഷ്ണു പിള്ളൈ പറഞ്ഞു. വ്യത്യസ്തവും വിശാലവുമായ മാനുഷികവിഭവശേഷിയാണ് തിരുവനന്തപുരത്തെ ആകർഷകമാക്കുന്നത്. തലസ്ഥാനത്ത് വളർന്നുവരുന്ന സാങ്കേതിക അന്തരീക്ഷവും നിക്ഷേപസാധ്യതകളും ഒരു ജിസിസി കേന്ദ്രമാക്കി മാറ്റാൻ അനുകൂലമാണെന്നും വിഷ്ണു പിള്ളൈ പറഞ്ഞു.

വ്യാപാര ആവശ്യങ്ങൾക്ക് വേണ്ടിയുള്ള വിഭവങ്ങൾ കണ്ടെത്തുന്നതിനായി മൾട്ടിനാഷണൽ കമ്പനികൾ ചേർന്ന് സ്ഥാപിക്കുന്ന ജിസിസി സെന്ററുകൾ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടെ കാഴ്ചവെച്ചത് വൻ സാങ്കേതിക മുന്നേറ്റം. അണിയറയിലെ സാങ്കേതികസംവിധാനങ്ങൾ സുഗമമാക്കുന്നതിനപ്പുറം ഇന്ന് വിപണിയിലെ വെല്ലുവിളികൾക്ക് പരിഹാരം കാണാനാകുന്ന സുപ്രധാന ശക്തിയായി ജിസിസികൾ മാറിക്കഴിഞ്ഞു. കമ്പനികളുടെ പ്രവർത്തനമികവും കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളുമാണ് പ്രധാനലക്ഷ്യങ്ങൾ.

## മലയോര പട്ടയ വിവരശേഖരണം: അപേക്ഷ മാർച്ച് 30 വരെ നൽകാം

**കോട്ടയം:** 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് അതത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി ഈ മാസം ഒന്നു മുതൽ ആരംഭിച്ച വിവരശേഖരണ നടപടികൾ മാർച്ച് 30 വരെ നീട്ടി.

വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടന്ന ഇടങ്ങളിൽ ഈ പട്ടികയിൽ ഉൾപ്പെടാതെ പോയവർ, സംയുക്ത പരിശോധന നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല

കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചു.

## വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതി അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** ജില്ലയിലെ അംഗീകൃത ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിച്ചുവരുന്ന കുട്ടികളെ വേനൽ അവധിക്കാലത്ത് പോറ്റി വളർത്താൻ താൽപര്യമുള്ള രക്ഷിതാക്കളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിച്ചു വരുന്ന കുട്ടികൾക്ക് വെക്കേഷൻ കാലയളവിൽ കുടുംബത്തിന്റെ ശ്രദ്ധയും സംരക്ഷണവും സ്നേഹ പരിലാളനയും ലഭ്യമാക്കി സുരക്ഷിതമായി വളരാൻ സാഹചര്യമൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

വനിതാ ശിശുവികസന വകുപ്പ് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ ആഭിമുഖ്യത്തിലാണ് വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതി നടപ്പിലാക്കുന്നത്. 6 വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികളെ സ്‌കൂൾ അവധിക്കാലമായ ഏപ്രിൽ, മേയ് മാസങ്ങളിൽ സ്വന്തം വീട്ടിൽ സംരക്ഷിക്കാൻ പ്രാപ്തിയും സന്നദ്ധതയുമുള്ള 35 വയസ്സിന് മുകളിൽ പ്രായമുള്ള ദമ്പതികൾക്ക് പദ്ധതി പ്രകാരം അപേക്ഷിക്കാം. ഒന്നിലധികം കുട്ടികളെ സംരക്ഷിക്കാൻ സന്നദ്ധരായവർക്ക് മുൻഗണന വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതി വിജയകരമായി പൂർത്തിയാക്കുന്ന ദമ്പതികളെ ദീർഘകാല (ലോങ് ടേം) ഫോസ്റ്റർ കെയറിലേക്കും പരിഗണിക്കുന്നതാണ്. താൽപര്യമുള്ളവർ കോട്ടയം അണ്ണാൻ കുന്നിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് :ഫോൺ 8281893454

# വിഴിഞ്ഞം തുറമുഖത്തേക്ക് ചൈനയിൽ നിന്ന് 17 ക്രെയിനുകൾ കൂടി ഉടനെത്തും



**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേക്ക് ചൈനയിൽ നിന്ന് 17 ക്രെയിനുകൾ കൂടി ഉടനെത്തും. രണ്ടാം ഘട്ടത്തിൽ മൂന്നു കപ്പലുകളിലായി ഏപ്രിൽ 4, 17, 23 തീയതികളിലാണ് ക്രെയിനുകൾ വിഴിഞ്ഞം തീരത്തെത്തുക. നേരത്തേ ഒക്ടോബറിൽ ആദ്യഘട്ടമായി 15 ക്രെയിനുകളെത്തിച്ചിരുന്നു.

14 കാന്റിലിവർ റെയിൽമൗണ്ടഡ് ഗാൻട്രി ക്രെയിനുകളും നാല് ഷിപ്പ് ടു ഷോർ ക്രെയിനുകളുമാണ് എത്തുക. ആദ്യ കപ്പലിൽ ആറ് കാന്റിലിവർ റെയിൽമൗണ്ട!ഡ് ഗാൻട്രി ക്രെയിനുകളുണ്ടാകും. രണ്ടാം കപ്പലിൽ രണ്ട് ഷിപ്പ് ടു ഷോർ ക്രെയിനും നാല് കാന്റിലിവർ റെയിൽമൗണ്ട!ഡ് ഗാൻട്രി ക്രെയിനുകളും മൂന്നാം കപ്പലിൽ രണ്ട് ഷിപ്പ് ടു ഷോർ ക്രെയിനും മൂന്ന് കാന്റിലിവർ റെയിൽമൗണ്ടഡ് ഗാൻട്രി ക്രെയിനുകളുമുണ്ടാകും.



# ശബരി റെയിൽപാത: സന്നദ്ധത അറിയിച്ച് കെ റെയിൽ; 45 മിനിറ്റിൽ ചെങ്ങന്നൂർ പമ്പ

**തിരുവനന്തപുരം:** അങ്കമാലി എരുമേലി ശബരി റെയിൽപാതയുടെ നിർമാണജോലി ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ച് കേരള റെയിൽ ഡവലപ്മെന്റ് കോർപറേഷൻ. കേന്ദ്ര കേരള സർക്കാരുകൾ തുല്യ വിഹിതം മുടക്കി നടപ്പാക്കുന്ന പദ്ധതി, ഇരു സർക്കാരുകളുടെയും തുല്യ പങ്കാളിത്തമുള്ള കോർപറേഷൻ എന്ന നിലയ്ക്ക് ഏൽപിക്കണമെന്നു കെ റെയിൽ സംസ്ഥാന സർക്കാരിനോട് അഭ്യർഥിച്ചു.

കേരളവും കേന്ദ്രവും ചേർന്നു പണം മുടക്കുന്ന റെയിൽവേ മേൽപാലങ്ങളുടെ നിർമാണം നിലവിൽ കെ റെയിലിനെ ഏൽപിച്ചിട്ടുണ്ട്. ശബരി റെയിൽ നിർമാണച്ചെലവിൽ പകുതി മുടക്കാമെന്നു വാഗ്ദാനം ചെയ്തെങ്കിലും കേരളം ഇതുവരെ രേഖാമൂലം സമ്മതം നൽകിയിട്ടില്ല. കെ റെയിൽ സമർപ്പിച്ച 3800 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിനു ദക്ഷിണ റെയിൽവേ അക്കൗണ്ട്സ് വിഭാഗം അംഗീകാരം നൽകിയിരുന്നു.

ജനറൽ മാനേജരുടെ അംഗീകാരത്തിനു സമർപ്പിച്ചപ്പോഴാണു പകുതി തുക മുടക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ സമ്മതപത്രം നൽകണമെന്നു നിർദേശിച്ചത്. ചെലവിന്റെ പകുതിയായ 1900 കോടി രൂപ കേരളം വഹിക്കണം. 2017ലെ എസ്റ്റിമേറ്റ് പ്രകാരം 1407 കോടി രൂപ സംസ്ഥാനം മുടക്കേണ്ടിയിരുന്ന ഘട്ടത്തിൽ രേഖാമൂലം സമ്മതമറിയിച്ചിരുന്നു. പുതിയ എസ്റ്റിമേറ്റ് അനുസരിച്ച് 493 കോടി രൂപ കൂടി അധികം വേണമെന്നതിനാൽ വീണ്ടും സമ്മതം നൽകണം. രേഖാമൂലം സമ്മതം ആവശ്യപ്പെട്ടു മുഖ്യമന്ത്രിയുടെ ഓഫിസിലേക്കു ധനവകുപ്പു കൈമാറിയ ഫയലിൽ ഇനി മന്ത്രിസഭാ തീരുമാനം വരേണ്ടതുണ്ട്. 45 മിനിറ്റുകൊണ്ട് ചെങ്ങന്നൂരിൽ നിന്നു പമ്പയിലെത്തുന്ന 60 കി.മീ. ഇരട്ടപ്പാതയുടെ അലൈൻമെന്റ് സർവേ കേന്ദ്രം നടത്തുന്നുണ്ട്. രണ്ടു പദ്ധതികളുടെയും ഡിപിആർ താരതമ്യം ചെയ്തശേഷം മുൻഗണന നിശ്ചയിക്കാമെന്നാണു കേന്ദ്രസർക്കാരിന്റെ നിലപാട്. ഇക്കാര്യത്തിലുള്ള അവ്യക്തതയും സംസ്ഥാന സർക്കാരിന്റെ തീരുമാനം വൈകാൻ ഇടയാക്കുന്നുണ്ട്

## 15 ഭിന്നശേഷിക്കാർക്കു കൂടി ജില്ലാ പഞ്ചായത്തിന്റെ സ്‌കൂട്ടറുകൾ

**കോട്ടയം:** പതിനഞ്ചു ഭിന്നശേഷിക്കാർക്കുകൂടി ജില്ലാ പഞ്ചായത്തിന്റെ സൈഡ് വീൽ ഘടിപ്പിച്ച സ്‌കൂട്ടറുകൾ ലഭിച്ചു. ജില്ലാ പഞ്ചായത്തിന്റെ ഈ സാമ്പത്തികവർഷത്തെ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സ്‌കൂട്ടറുകൾ നൽകിയത്. ജില്ലാ പഞ്ചായത്ത് അങ്കണത്തിൽ നടന്ന സ്‌കൂട്ടറുകളുടെ രണ്ടാംഘട്ട വിതരണോദ്ഘാടനം പ്രസിഡന്റ് കെ.വി. ബിന്ദു നിർവഹിച്ചു.
15 ലക്ഷം രൂപയാണ് ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി ചെലവഴിച്ചത്. 30 പേർക്ക് ആദ്യഘട്ടത്തിൽ സൈഡ് വീൽ ഘടിപ്പിച്ച സ്‌കൂട്ടറുകൾ നൽകിയിരുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കാണ് വാഹനം നൽകിയത്.

ചടങ്ങിൽ വൈസ് പ്രസിഡന്റ് ജോസ് പുത്തൻകാല അധ്യക്ഷത വഹിച്ചു. സ്ഥിരംസമിതി അധ്യക്ഷരായ പി.എം. മാത്യു, മഞ്ജു സുജിത്ത്, പി.എസ്. പുഷ്പമണി, ജില്ലാ പഞ്ചായത്തംഗങ്ങളായ നിർമ്മല ജിമ്മി, ഹൈമി ബോബി, ജോസ്മോൻ മുണ്ടയ്ക്കൽ, പി.കെ. വൈശാഖ്, ജില്ലാ സാമൂഹികനീതി ഓഫീസർ പി. പ്രദീപ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.വി. ജയകുമാരി എന്നിവർ പങ്കെടുത്തു.

# പവി കെയർ ടേക്കർ ഏപ്രിൽ 26ന്




ദിലീപിനൊപ്പം അഞ്ചു പുതുമുഖ നായികമാരുള്ള,വിനീത് കുമാർ സംവിധാനം ചെയ്യുന്ന ‘പവി കെയർ ടേക്കർ‘ ഏപ്രിൽ 26ന് തിയേറ്റുകളിൽ എത്തും. ജോണി ആന്റണി,രാധിക ശരത്കുമാർ, ധർമ്മജൻ ബോൾഗാട്ടി, സ്പടികം ജോർജ് തുടങ്ങി ഒരു വൻ താരനിര തന്നെ ഈ ചിത്രത്തിലുണ്ട്.

ഗ്രാൻഡ് പ്രൊഡക്ഷൻസിന്റ ബാനറിൽ ദിലീപ് തന്നെയാണ് ഈ ചിത്രം നിർമ്മിക്കുന്നത്. അരവിന്ദന്റെ അതിഥികൾക്ക് ശേഷം രാജേഷ് രാഘവൻ തിരക്കഥയൊരുക്കുന്ന ചിത്രം കൂടിയാണ് ‘പവി കെയർ ടേക്കർ‘. കന്നഡയിലും മലയാളത്തിലും ഹിറ്റ്കൾ സമ്മാനിച്ച മിഥുൻ മുകുന്ദനാണ് ചിത്രത്തിന്റെ സംഗീത സംവിധായകൻ. ഛായാഗ്രഹണംസനു താഹിർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസ് അനൂപ് പത്മനാഭൻ, കെ. പി വ്യാസൻ, എഡിറ്റർദീപു ജോസഫ്,ഗാനരചന ഷിബു ചക്രവർത്തി, വിനായക് ശശികുമാർ, പ്രൊജക്റ്റ് ഹെഡ് റോഷൻ ചിറ്റൂർ, പ്രൊഡക്ഷൻ ഡിസൈൻനിമേഷ് എം താനൂർ, പ്രൊഡക്ഷൻ കൺട്രോളർരഞ്ജിത് കരുണാകരൻ,അസോസിയേറ്റ് ഡയറക്ടർ രാകേഷ് കെ രാജൻ,കോസ്റ്റ്യൂംസ് സഖി എൽസ,മേക്കപ്പ് റോണക്സ് സേവ്യർ, സൗണ്ട് ഡിസൈൻ ശ്രീജിത്ത് ശ്രീനിവാസൻ,സൗണ്ട് മിക്സിങ്അജിത് കെ ജോർജ്,സ്റ്റിൽസ് രാംദാസ് മാത്തൂർ, ഡിസൈൻസ് യെല്ലോ ടൂത്,ഡിജിറ്റൽ മാർക്കറ്റിംഗ്സുജിത് ഗോവിന്ദൻ,കണ്ടെന്റ് ആന്റ് മാർക്കറ്റിംഗ് ഡിസൈൻപപ്പെറ്റ് മീഡിയ,പി ആർ ഒഎ എസ് ദിനേശ്.




# വരാഹം

സുരേഷ് ഗോപി,സൂരജ് വെഞ്ഞാറമൂട്,ഗൗതം വാസുദേവ് ??മേനോൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സനൽ വി ദേവൻസംവിധാനം ചെയ്യുന്ന ‘വരാഹം‘ എന്നസിനിമയുടെ ടൈറ്റിൽ പോസ്റ്റർ റിലീസായി.നവ്യ നായർ പ്രാഞ്ചി ടെഹ് ലാൻ,നവ്യ നായർ, ശ്രീജിത്ത് രവി,സന്തോഷ് കീഴാറ്റൂർ,സാദ്ദിഖ്,സരയു തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.മാവെറിക് മൂവീസ് പ്രൈവറ്റ് ലിമിറ്റഡ്,സഞ്ജയ്പടിയൂർ എന്റർടൈൻമെന്റ്സുമായി സഹകരിച്ച് വിനീത് ജെയിൻ,സഞ്ജയ്പടിയൂർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന സുരേഷ് ഗോപിയുടെ ഇരുന്നൂറ്റിയമ്പത്തിയേഴാമത്തെ ചിത്രമാണിത്.

മലയാള ചലച്ചിത്രരംഗത്ത് പുതിയൊരു നിർമ്മാണ കമ്പനി കൂടി വരുകയാണ്.മുംബൈആസ്ഥാനമായിട്ടുള്ള മാവെറിക് മൂവീസ് പ്രൈവറ്റ് ലിമിറ്റഡിന്റെആദ്യ സിനിമയാണ് സുരേഷ് ഗോപിയുടെ ഈ ബ്രഹ്മാണ്ഡ ചിത്രം.പ്രൊഡക്ഷൻ കൺട്രോളർ സഞ്ജയ് പടിയൂർ ആദ്യമായി നിർമ്മിക്കുന്ന ചിത്രം കൂടിയാണിത്.

‘കുഞ്ഞമ്മിണീസ് ഹോസ്പിറ്റൽ‘ എന്ന ചിത്രത്തിനു ശേഷം സനൽ വി ദേവൻ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അജയ് ഡേവിഡ് കാച്ചപ്പിള്ളി നിർവഹിക്കുന്നു.മനു സി കുമാർ തിരക്കഥ സംഭാഷണമെഴുതുന്നു.കഥജിത്തു കെ ജയൻ, മനു സി കുമാർ,സംഗീതംരാഹുൽ രാജ്,എഡിറ്റർമൻസൂർ മുത്തുട്ടി, കോ പ്രൊഡ്യൂസർമനോജ് ശ്രീകാന്ത (ആഷ്രീ വെഞ്ചേഴ്സ്) എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ രാജാസിംഗ്,കൃഷ്ണ കുമാർ,ലൈൻ പ്രൊഡ്യൂസർആര്യൻ സന്തോഷ്,ആർട്ട്സുനിൽ കെ ജോർജ്ജ്,വസ്ത്രാലങ്കാരം നിസാർ റഹ്മത്ത്,മേക്കപ്പ് റോണക്സ് സേവ്യർ,ചീഫ് അസോസിയേറ്റ് ഡയറക്ടർ സ്യമന്തക് പ്രദീപ്,അസോസിയേറ്റ് ഡയറക്ടർപ്രേം പുതുപ്പള്ളി,പ്രൊഡക്ഷൻ കൺട്രോളർപോലോസ് കുറുമറ്റം,ബിനു മുരളി,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്അഭിലാഷ് പൈങ്ങോട്, സ്റ്റിൽസ്നവീൻ മുരളി ഡിസൈൻഓൾഡ്മോങ്സ്,പി ആർ ഒഎ എസ് ദിനേശ്.

# മന്ദാകിനി

അൽത്താഫ് സലിം, അനാർക്കലി മരിക്കാർ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി വിനോദ് ലീല തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ’മന്ദാകിനി’യുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി. സ്പൈർ പ്രൊഡക്ഷൻസിന്റെ ബാനറിൽ സഞ്ജു ഉണ്ണിത്താനാണ് ചിത്രം നിർമ്മിക്കുന്നത്. ഷിജു എം ബാസ്കർ, ശാലു എന്നിവരുടെതാണ് കഥ. ചിത്രത്തിനായ് ക്യാമറ ചലിപ്പിക്കുന്നതും ഷിജു എം ബാസ്കർ തന്നെയാണ്. ബിബിൻ അശോക് സംഗീതം ഒരുക്കുന്ന ഈ ചിത്രം കോമഡി എന്റർടെയ്നറാണ്. സംവിധായകൻ അൽത്താഫ് സലിംനോടൊപ്പം മലയാള സിനിമയിലെ പ്രമുഖ സംവിധായകരായ ലാൽ ജോസ്, ജൂഡ് ആന്തണി ജോസഫ്, ജിയോ ബേബി, അജയ് വാസുദേവ് എന്നിവരും സുപ്രധാന വേഷങ്ങളിലെത്തുന്ന സിനിമ എന്ന വലിയ പ്രത്യേകത ചിത്രത്തിനുണ്ട്. ആരോമൽ എന്ന കഥാപാത്രമായ് അൽത്താഫ് വേഷമിടുന്ന ചിത്രത്തിൽ അമ്പിളി എന്ന കഥാപാത്രത്തെയാണ് അനാർക്കലി അവതരിപ്പിക്കുന്നത്. ഗണപതി,ജാഫർ ഇടുക്കി,സരിത കുക്കു, വിനീത് തട്ടിൽ,അശ്വതി ശ്രീകാന്ത്,കുട്ടി അഖിൽ,അഖില നാഥ്, അല എസ് നൈന, ഗിന്നസ് വിനോദ്,രശ്മി അനിൽ,ബബിത ബഷീർ, പ്രതീഷ് ജേക്കബ്,അമ്പിളി സുനിൽ,അഖിൽ ഷാ, അജിംഷാ എന്നിവരും ചിത്രത്തിലുണ്ട്. എക്സിക്യൂട്ടീവ് പ്രൊഡ്യുസർബിനു നായർ, ചിത്രസംയോജനം ഷെറിൽ, കലാസംവിധാനം സുനിൽ കുമാരൻ, വസ്ത്രാലങ്കാരം ബബിഷ കെ രാജേന്ദ്രൻ,മേക്കപ്പ് മനു മോഹൻ, പ്രൊഡക്ഷൻ കൺട്രോളർ ഷിഹാബ് വെണ്ണല, പ്രൊജക്ട് ഡിസൈനർസൗമ്യത വർമ്മ, സൗണ്ട് ഡിസൈൻരംഗനാഥ് രവി,ചീഫ് അസോസിയേറ്റ് ഡയറക്ടർഏബിൾ കൗസ്തുഭം, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് വിനോദ് വേണുഗോപാൽ, പ്രൊഡക്ഷൻ മാനേജർആന്റണി തോമസ്, മനോജ് സ്റ്റിൽസ്ഷൈൻ ചെട്ടികുളങ്ങര, പോസ്റ്റർ ഡിസൈൻഓൾഡ് മങ്ക്സ്,മീഡിയ കോഡിനേറ്റർശബരി പി ആർ ഒഎ എസ് ദിനേശ്.




# കേപ് ടൗൺ

പുതുമുഖങ്ങളായ അഖിൽ,അനന്ദു പടിക്കൽ,അനീഷ് പ്രകാശ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിശിവരാജ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ‘കേപ് ടൗൺ ‘ എന്ന ചിത്രത്തിന്റെ ടീസർ റീലിസായി.2016 മുതൽ 2024 വരെയുള്ള ഒരു കാലഘട്ടത്തിന്റെ കഥ പറയുന്ന ഈ ചിത്രത്തിൽ നെൽസൺ ശൂരനാടിനോടൊപ്പം ഒമ്പതോളം ജനപ്രതിനിധികളും അഭിനയിക്കുന്നുണ്ട്.കാലഘട്ടത്തിനനുസരിച്ച് പല സീനുകളും റിയലായിട്ടണ് ചിത്രീകരിച്ചിട്ടുള്ളത്.

രാജാ രാജേശ്വരി ഫിലിംസിന്റെ ബാനറിൽ ദിലീപ് കുമാർ ശാസ്ത്താം കോട്ട നിർമ്മിക്കുന്ന ഈ ചിത്രത്തിൽ കോവൂർ കുഞ്ഞുമോൻ എം എൽ എ, കായംകുളം എം എൽ എ യു പ്രതിഭ എന്നിവർ പ്രധാനപ്പെട്ട കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.മുകേഷ് എം എൽ എ, നൗഷാദ് എം എൽ എ,മിനിസ്റ്റർ ചിഞ്ചു റാണി, മുൻ എം പി സോമപ്രസാദ്,കൊല്ലം മുൻ ഡിസിസി പ്രസിഡന്റ് ബിന്ദു കൃഷ്ണ,വൈസ് പ്രസിഡന്റ് സൂരജ് രവി, മുൻ ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കുമ്മനം രാജശേഖരൻ എന്നിവരും ഈ ചിത്രത്തിന്റെ ഭാഗമായിട്ടുണ്ട്.പ്രകൃതിയുടെ സംരക്ഷണത്തിൽ യുവതലമുറയ്ക്കുള്ള പ്രാധാന്യം അവരെ ബോധ്യപെടുത്തുന്ന ശക്തമായ സന്ദേശമുള്ള ഈ ചിത്രത്തിൽ ദളപതി വിജയുടെ ആരാധകർക്കും പ്രധാന്യം നല്കുന്നുണ്ട്.




ശ്യാം ഏനാത്ത്,സുജ തിലക രാജ് എന്നിവർ എഴുതിയ വരികൾക്ക് പുതുമുഖ സംഗീത സംവിധായകൻ ദിലീപ് ബാബു ഈണമിട്ട മൂന്ന് ഗാനങ്ങൾ രവീന്ദ്രൻ മാഷിന്റെ മകൻ നവീൻ മാധവ്,പോക്കിരി ഫെയിം കായംകുളം എം എൽ എ പ്രതിഭ,ഐഡിയ സ്റ്റാർ സിംഗർ ഫെയിം പ്രണവ് പ്രശാന്ത്,ദിലീപ് ബാബു, സൗമിയ,എം. എസ് രാജൻ ഇരവിപുരം, വിനായക് വിജയൻ, ഹരിലേക്ഷ്മൻ, ലക്ഷ്മി എം എന്നിവർ ആലപിക്കുന്നു.ജോഷുവ എഴുതിയ കവിതകൾ കോവൂർ കുഞ്ഞുമോൻ എം എൽ എ,ദിൽപ് കുമാർ ശാസ്താം കോട്ട എന്നിവർ ആലപിക്കുന്നു.അലങ്കാർ കൊല്ലം,വിജിൻ കണ്ണൻ എന്നിവർ ഛായാഗ്രഹണം നിർവഹിക്കുന്നു.വിഎഫ് എക്സ്മായാൻസ് സ്റ്റുഡിയോ, തിരുവനന്തപുരം,ബിജിഎംശ്രീക്,പി ആർ ഒ എ എസ് ദിനേശ്.



പ്രൊഫ. എം.കെ. സാനു മാസ്റ്റർ എ.എൻ. രവീന്ദ്രദാസിന് പ്രശസ്തിപത്രം കൈമാറുന്നു. പ്രസ് ക്ലബ് സെക്രട്ടറി എം.സൂഫി മുഹമ്മദ്, കെ.യു.ഡബ്ല്യു.ജെ സംസ്ഥാന സെക്രട്ടറി എം. ഷജിൽ കുമാർ, പ്രസ് ക്ലബ് പ്രസിഡന്റ് എം.ആർ.ഹരികുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ.ബി. ബിജു, സി.ഐ.സി.സി ജയചന്ദ്രൻ എന്നിവർ സമീപം.

# പത്ര പ്രവർത്തകർ സമൂഹവുമായി നല്ല ബന്ധമുള്ളവരാകണം പ്രൊഫ എം.കെ. സാനു

**കൊച്ചി:** ആധുനികകാലത്തെ പത്രപ്രവർത്തകർക്ക് സമൂഹവുമായി വലിയ ബന്ധമില്ലാത്ത അവസ്ഥയാണെന്നും അതിൽനിന്ന് മാറി നിരന്തരം സമൂഹവുമായി ഇടപഴകി നല്ല വാർത്തകൾ കണ്ടെത്തിയിരുന്ന പഴയകാല പത്രപ്രവർത്തകരുടെ മാതൃക തിരിച്ചറിയണമെന്നും പ്രൊഫ. എം.കെ. സാനു അഭിപ്രായപ്പെട്ടു.

മുതിർന്ന പത്രപ്രവർത്തകനും എറണാകുളം പ്രസ് ക്ലബിന്റെ മുൻ പ്രസിഡന്റുമായിരുന്ന എൻ. വി. പൈലിയുടെ സ്മരണാർഥം പ്രസ് ക്ലബുമായി സഹകരിച്ച് അദ്ദേഹത്തിന്റെ കുടുംബം ഏർപ്പെടുത്തിയ പുരസ്കാരം 'ദേശാഭിമാനി' മുൻ സ്പോർട്സ് എഡിറ്റർ എ.എൻ. രവീന്ദ്രദാസിന് സമർപ്പിച്ചശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. നല്ല വായനയും സാഹിത്യബോധവും ഉണ്ടായിരുന്ന പത്രപ്രവർത്തകർ വാർത്തകൾ എഴുതുന്നതിലും ജാഗ്രത പുലർത്തിയിരുന്നു. പൈലിയെപ്പോലെയുള്ള ഒരുപാട് മാധ്യമ പ്രവർത്തകർ നൽകിയിട്ടുള്ള സംഭാവനകൾ സമൂഹത്തിന് ഏറെ പ്രയോജനകരമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പ്രശസ്തിപത്രവും മെമന്റോയും 10,001 രൂപയും സാനു മാസ്റ്റർ എ.എൻ. രവീന്ദ്രദാസിന് കൈമാറി. ചടങ്ങിൽ പ്രസ് ക്ലബ് പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. സി.ഐ.സി.സി ജയചന്ദ്രൻ എൻ.വി. പൈലി അനുസ്മരണം നടത്തി. ജില്ലാ ഇൻഫർമേഷൻ ഓഫിസർ എൻ.ബി. ബിജു, കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സെക്രട്ടറി എം.ഷജിൽ കുമാർ എന്നിവർ ആശംസ നേർന്നു. എ.എൻ രവീന്ദ്രദാസ് മറുപടി പ്രസംഗം നടത്തി. പ്രസ് ക്ലബ് ട്രഷറർ മനു ഷെല്ലി പ്രശസ്തിപത്ര അവതരണം നടത്തി. സെക്രട്ടറി എം.സൂഫി മുഹമ്മദ് സ്വാഗതവും നിർവാഹക സമിതി അംഗം അഷ്റഫ് തൈവളപ്പ് നന്ദിയും പറഞ്ഞു.

# മഞ്ഞപ്പിത്തം; ജാഗ്രതവേണമെന്ന് ആരോഗ്യ വകുപ്പ്

മഞ്ഞപ്പിത്തം യഥാസമയം ചികിത്സിച്ചില്ലങ്കിൽ ഗുരുതരമായ കരൾരോഗങ്ങൾക്ക് കാരണമാകുമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ്. ഹെപ്പറ്റൈറ്റിസ് എ, ബി, സി, ഡി, ഇ എന്നിങ്ങനെയുള്ള വകഭേദങ്ങളാണുള്ളത്. എ, ഇ എന്നിവ മലിനമായ കുടിവെള്ളം, ആഹാരം വഴിയും ബി, സി ,ഡി രക്തം, ശരീരസ്രവങ്ങൾ എന്നിവയിൽക്കൂടിയുമാണ് പകരുന്നത്. ഹെപ്പറ്റൈറ്റിസ് ബി, സി എന്നിവയ്ക്കെതിരെയാണ് ഏറ്റവും കൂടുതൽ ജാഗ്രത പാലിക്കേണ്ടത്.

ബി യും സിയും നേരത്തെ കണ്ടെത്തി ചികിത്സിച്ചില്ലെങ്കിൽ സിറോസിസ്, കരളിലെ ക്യാൻസർ എന്നീ രോഗങ്ങൾക്കിടയാക്കും. ബി, സി രോഗബാധിതരിൽ രോഗലക്ഷണങ്ങൾ പ്രകടമാകാൻ ദീർഘനാൾ വേണ്ടിവരും. രോഗലക്ഷണങ്ങൾ പ്രകടമല്ലെങ്കിലും വൈറസ്ബാധ കരളിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കും. ഈ സാഹചര്യത്തിൽ രക്തപരിശോധന നടത്തണം.ചികിത്സയുടെ ഭാഗമായി രക്തവും, രക്തോൽപന്നങ്ങളും ഇടക്കിടെ സ്വീകരിക്കേണ്ടിവരുന്ന രോഗികൾ, ഡയാലിസിസ്, അവയവമാറ്റ ശസ്ത്രക്രിയക്ക് വിധേയരായിട്ടുള്ളവർ, സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിലേർപ്പെട്ടിട്ടുള്ളവർ, രക്തവും, രക്തോൽപന്നങ്ങളും കൈകാര്യം ചെയ്യുന്ന ആരോഗ്യ പ്രവർത്തകർ, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ, പച്ചകുത്തുന്നവർ ( ടാറ്റു ) എന്നിവർക്ക് രോഗസാധ്യത കൂടുതലാണ്.ഹെപ്പറ്റൈറ്റിസ് ബി സി തടയാൻ മുൻകരുതൽ പാലിക്കണം സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം ഒഴിവാക്കണം. മറ്റുള്ളവരുടെ ഷേവിംഗ് ഉപകരണങ്ങൾ, ടൂത്ത് ബ്രഷ് എന്നിവ ഉപയോഗിക്കരുത്. ബ്യൂട്ടി പാർലറുകൾ, ബാർബർ ഷോപ്പുകൾ, തുടങ്ങിയ സ്ഥലങ്ങളിൽ ഷേവിങ് ഉപകരണങ്ങൾ, ടാറ്റു ഷോപ്പിലെ ഉപകരണങ്ങൾ എന്നിവ ഓരോ പ്രാവശ്യത്തെ ഉപയോഗത്തിന് ശേഷവും അണുവിമുക്തമാക്കണം.കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ് പട്ടികപ്രകാരമുള്ള കുത്തിവെയ്പ്പ് നൽകുന്നത് രോഗത്തിൽനിന്നും സംരക്ഷണം നൽകും. കുഞ്ഞുങ്ങൾക്ക് 6,10,14 ആഴ്ചകളിൽ നൽകുന്ന പെന്റാവാലന്റ് വാക്സി നിൽ ഹെപ്പറ്റൈറ്റിസ് ബി വാക്സിനും അടങ്ങിയിട്ടുണ്ട്. ഹെപ്പറ്റൈറ്റിസ് രോഗബാധിതർ യഥാസമയം ചികിത്സതേടണം.

# കുസാറ്റ് ഇന്റർ കോളേജിയേറ്റ് സ്പോർട്ട്സ് & ആൻഡ് ഗെയിംസ് മീറ്റ് സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ 41ാമത് കുസാറ്റ് ഇന്റർ കോളേജിയേറ്റ് സ്പോർട്ട്സ് & ഗെയിംസ് മീറ്റ് തൃക്കാക്കര മെയിൻ കാമ്പസിൽ സമാപിച്ചു.

കുസാറ്റിലെ വിവിധ വകുപ്പുകളിൽ നിന്നും 8 അഫിലിയേറ്റഡ് കോളേജുകളിൽ നിന്നപമായി 1500 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. 105 പോയിന്റുകളുമായി മെയിൻ കാമ്പസ് ടീം ഒന്നാം സ്ഥാനവും, 70 പോയിന്റുകളുമായി സ്കൂൾ ഓഫ് എൻജിനീയറിങ്ങ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

മാർച്ച് 17 ന് നടന്ന സമാപന സമ്മേളനത്തിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ.രജിതകുമാർ.എസ് മുഖ്യാതിഥിയായി.




പരിപാടിയുടെ ഉദ്ഘാടനം സിൻഡിക്കേറ്റ് അംഗമായ ഡോ.ജി.സന്തോഷ് കുമാർ (പ്രൊഫസർ,ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ സയൻസ് & ഡയറക്ടർ,സി.ഐ.ആർ.എം) നിർവഹിച്ചു. ഡോ.ജൂഡി.എം.വി (പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്), ഡോ.ഉണ്ണി എ.എം (അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് എൻജിനീയറിങ്ങ്), റിൻഷാൻ (വൈസ് ചേയർപേർസൺ, കൊച്ചിൻ യൂണിവേർസിറ്റി സ്റ്റുഡന്റ്സ് യൂണിയൻ), മുഹമ്മദ് മുഹ്സിൻ.സി.പി (സ്പോർട്ട്സ് സെക്രട്ടറി, കൊച്ചിൻ യൂണിവേർസിറ്റി സ്റ്റുഡന്റ്സ് യൂണിയൻ) എന്നിവർ സംസാരിച്ചു.

